പാഴായി പോകുന്ന ജലം സംഭരിച്ചു ഉപയോഗപ്രദമാക്കുന്നതിനുള്ള നടപടി

17(*197) ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. യു. എസ്. ശശി :
ശ്രീ. കെ. പി. രാജേന്ദ്രൻ :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാഴായി പോകുന്ന ജലം സംഭരിച്ച് ഉപയോഗപ്രദമാക്കുന്നതിനുള്ള എന്തെല്ലാം പദ്ധതികൾ ഇപ്പോൾ നിലവിലുണ്ട് ;

(ബി) മഴവെള്ളം സംരക്ഷിക്കുന്നതിന് ഭൂഗർഭ തടയണകൾ നിർമ്മിക്കുന്ന പദ്ധതി നടപ്പാക്കിവരുന്നുണ്ടോ ;

(സി) ഭൂഗർഭ തടയണകൾ നിർമ്മിക്കുന്നതിനുള്ള പ്രദേശങ്ങൾ തെരെഞ്ഞെടുക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ വെളിപ്പെടുത്തുമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) ചെക്ക്ഡാം നിർമ്മാണം, ബണ്ട് നിർമ്മാണം തുടങ്ങിയവ നിലവിലുണ്ട്. കൂടാതെ മഴവെള്ളം ഭൂമിയിൽ കെട്ടിനിറുത്തി ജലനിരപ്പ് ഉയർത്തുന്നതിനുവേണ്ടിയുള്ള "റെയിൻ വാട്ടർ ഹാർവെസ്റ്റിംഗ്" പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. കേന്ദ്ര ജലബോർഡിന്റെ കേരള ഘടകം സംസ്ഥാനത്ത് 7 ഭൂഗർഭ അണകൾ നിർമ്മിച്ചിട്ടുണ്ട്. ഭൂഗർഭ തടയണകൾ നിർമ്മിക്കുന്നതിനുള്ള പ്രദേശങ്ങൾ തെരഞ്ഞെടുത്ത് ഒരു പൈലറ്റ് പ്രോജക്ടായി തെരഞ്ഞെടുത്ത ജില്ലകളിൽ പദ്ധതി തുടർന്നു നടപ്പിലാക്കാൻ ഭൂജലവകുപ്പ് ഉദ്ദേശിക്കുന്നു.

(സി) രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നതും കാർഷിക ആവശ്യങ്ങൾക്ക് അധികജലം വേണ്ടിവരുന്നതുമായ പ്രദേശങ്ങളാണ് ഭൂഗർഭ തടയണകൾ നിർമ്മിക്കാനായി തെരഞ്ഞെടുക്കുന്നത്. ഇതു കൂടാതെ വലിയ സ്റ്റോറേജ് റിസർവോയറുകൾ നിർമ്മിക്കാനുള്ള വിസ്തൃതിയുള്ളതും അൽപ്പം ചരിവുള്ള പ്രദേശങ്ങളുമാണ് പ്രധാനമായും തെരഞ്ഞെടുക്കുന്നത്.

സംസ്ഥാന വൈദ്യുതി ബോർഡിന്റെ സാമ്പത്തികനില

18(*198) ശ്രീ. എ. കെ. മണി :
ശ്രീ. അടൂർ പ്രകാശ് :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly